# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2340** **18/06/2014-ൽ മറുപടിക്ക്**

## 2013-14 സാമ്പത്തിക വർഷം വാങ്ങിയ മരുന്നുകൾ

**ചോദ്യം** **മറുപടി**

**ശ്രീമതി കെ. എസ്. സലീഖ**

**ശ്രീ. വി. എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | 2013-14 സാമ്പത്തിക വർഷം നേരിട്ടും മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴിയും എത്ര തുകയുടെ മരുന്നുകൾ, ഡയാലിസിസ് ഉപകരണങ്ങൾ തുടങ്ങിയ ആശുപത്രി ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്; കേന്ദ്ര-സംസ്ഥാന മരുന്നു കമ്പനികൾ / പൊതുമേഖലാ മരുന്നു കമ്പനികൾ / സ്വകാര്യ മരുന്നു കമ്പനികൾ എന്നിങ്ങനെ തരം തിരിച്ച്. തുക തിരിച്ച് വ്യക്തമാക്കുമോ ; | (എ) | 2013-14 സാമ്പത്തിക വർഷം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കേന്ദ്ര സംസ്ഥാന പൊതുമേഖലാ മരുന്നു കമ്പനികൾ /സ്വകാര്യ കമ്പനികൾ എന്നവയിലൂടെ മരുന്നു വാങ്ങിയതു സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>സ്ഥാപനം — തുക (രൂപയിൽ)<br>കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങളിൽ നിന്നും മരുന്നു വാങ്ങിയത് — 10,16,61,139<br>സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങളിൽ നിന്നും മരുന്നു വാങ്ങിയത് — 12,42,33,325<br>സ്വകാര്യ മേഖലയിൽ നിന്നും മരുന്നു വാങ്ങിയത് — 2,44,98,16,513<br>**ആകെ — 2,67,57,10,977**<br><br>കൂടാതെ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 82 കോടി രൂപയുടെ ആശുപത്രി ഉപകരണങ്ങൾ കോർപ്പറേഷൻ മുഖേന സംഭരിച്ചു വിതരണം ചെയ്യുകയുണ്ടായി. |
| (ബി) | കേന്ദ്ര-സംസ്ഥാന മരുന്നു കമ്പനികളിൽ അവശ്യം വേണ്ടുന്ന മരുന്നുകളുള്ളപ്പോൾ അവയിൽ നിന്നും മരുന്നു വാങ്ങാതെ കമ്മീഷൻ നൽകുന്ന സ്വകാര്യ കമ്പനികളിൽ നിന്നും മരുന്നു വാങ്ങുന്ന വകുപ്പിന്റെയും കോർപ്പറേഷന്റെയും നടപടി അവസാനിപ്പിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (ബി) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്കാവശ്യമായ ജനറിക് മരുന്നുകൾ വാർഷിക ഇൻഡന്റ് അനുസരിച്ച് സംഭരിച്ചു വിതരണം നടത്തുന്നത് കേരള മെഡിക്കൽ സർവ്വീസ്സസ് കോർപ്പറേഷൻ മുഖേനയാണ്. അഖിലേന്ത്യാ തലത്തിൽ ക്ഷണിക്കുന്ന സുതാര്യമായ മത്സര ടെണ്ടർ നടപടികളിലൂടെ സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടു തന്നെയാണ് കോർപ്പറേഷൻ മരുന്നും, ഉപകരണങ്ങളും സംഭരിച്ചു വിതരണം ചെയ്തു വരുന്നത്. കോർപ്പറേഷൻ ടെണ്ടർ വ്യവസ്ഥ പ്രകാരം ടെക്നിക്കൽ ബിഡിൽ യോഗ്യത നേടുന്ന കമ്പനികളുടെ പ്രൈസ് ബിഡ് തുറന്നശേഷം ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്യുന്ന കമ്പനിക്കാണ് വിതരണക്കരാർ നൽകുന്നത്. ഇതിൽ സ്വകാര്യ കമ്പനികളും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളും ഉൾപ്പെടാറുണ്ട്. കൂടാതെ |

| | | | |
|---|---|---|---|
| | | | സംസ്ഥാന പൊതുമേഖല സ്ഥാപനമായ കേരളാ സ്റ്റേറ്റ് ഡ്രഗ്ഗ്സ് & ഫാർമസ്യൂട്ടിൽസ് ലിമിറ്റഡിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ സർക്കാർ മാനദണ്ഡങ്ങൾക്കനുസ്യണമായി മരുന്നുകൾ വാങ്ങിവരുന്നു. |
| (സി) | മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതെ നടത്തിയ മരുന്ന് ആശുപത്രി ഉപകരണങ്ങളുടെ വാങ്ങൽ സംബന്ധിച്ച ആക്ഷേപം ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഈ പ്രവണത തടയുവാൻ എന്തു നടപടി സ്വീകരിച്ചു ; വിശദാംശം വ്യക്തമാക്കമോ ; | (സി) & (ഡി) | 2011-12 സാമ്പത്തിക വർഷത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ M/s. B. Braun Medicals (India) Ltd. ന്റെ മാത്രം Price Bid-ന്റെ അടിസ്ഥാനത്തിൽ മരുന്നു സംഭരണം നടത്തിയ ഇനത്തിൽ സർക്കാരിന് ധനനഷ്ടമുണ്ടായതായി ധന വകുപ്പ് റിപ്പോർട്ട് ചെയ്തിരുന്നു. നഷ്ടം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെയും, ടെക്നിക്കൽ കമ്മിറ്റി അംഗങ്ങൾക്കെതിരെയും നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. പരിശോധനാ റിപ്പോർട്ടിന്മേൽ സർക്കാർ നടപടി സ്വീകരിച്ചു വരികയാണ് |
| (ഡി) | ഇത്തരത്തിൽ കമ്മീഷൻ പറ്റി മരുന്നും, ആശുപത്രി ഉപകരണങ്ങളും വാങ്ങിയ വകുപ്പിന്റെയും കോർപ്പറേഷന്റെയും എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചുവെന്നും അവർ ആരെല്ലാമെന്നും വ്യക്തമാക്കമോ ? | | |

സെക്ഷൻ ഓഫീസർ